# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 38 07.01.2014-ലെ മറുപടിക്ക്

## <u>സാമ്പത്തിക പ്രതിസന്ധി</u>

<u>ചോദ്യം</u>

ഡോ. കെ.ടി. ജലീൽ
ശ്രീ. എളമരം കരീം
ശ്രീ. സാജു പോൾ
ശ്രീ. ജെയിംസ് മാത്യു

<u>ഉത്തരം</u>

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | അധിക വിഭവ സമാഹരണം ഉണ്ടായില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമെന്ന് ധനകാര്യ വകുപ്പ് സർക്കാരിന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ ; | നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിലെ താത്കാലിക കണക്കുകൾ പ്രകാരം ബജറ്റിൽ വിഭാവനം ചെയ്ത തരത്തിൽ റവന്യൂ വരുമാനം വർദ്ധിക്കാതിരിക്കുകയും റവന്യൂ ചെലവുകൾ വർദ്ധിക്കുകയും ചെയ്ത സാഹചര്യത്തിൽ അധിക വിഭവ സമാഹരണമുണ്ടായില്ലെങ്കിൽ സാമ്പത്തിക ഞെരുക്കം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടെന്നകാര്യം ധനവകുപ്പ് വിലയിരുത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശം എന്താണെന്നും പ്രസ്തുത വകുപ്പിന്റെ നിർദ്ദേശം അനുസരിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ വിവിധ വകുപ്പുകളുടെ പക്കൽ തീർപ്പുകൽപിക്കാനായി അവശേഷിക്കുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യനികുതി, രജിസ്ട്രേഷൻ, റവന്യു, വനം മുതലായ വകുപ്പുകളിൽ പുതിയ വിഭവസമാഹരണ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | ആഭ്യന്തര വളർച്ചാ നിരക്ക് കുറയുകയും സാമ്പത്തിക മാന്ദ്യം കൂടിവരികയും ചെയ്താൽ സാമ്പത്തിക സ്ഥിതി അപകടകരമാകുമെന്ന മുന്നറിയിപ്പ് കണക്കിലെടുത്ത് എന്തെല്ലാം തരത്തിലുള്ള വരുമാന വർദ്ധന കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട് ; | സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി –നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ–സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി മൂലം തസ്തികകൾ അനുവദിക്കാതിരിക്കാനും ശമ്പള ബാദ്ധ്യതകൾ കുറച്ചുകൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ ? | തികച്ചും ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാവൂ എന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള താത്കാലിക തസ്തികകൾ നിലനിറുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിവിധ വകുപ്പുകൾ തിരിച്ചുള്ള വിഭവ സമാഹരണ നിർദ്ദേശങ്ങൾ

### വാണിജ്യ നികുതി വകുപ്പ്

തുണിത്തരങ്ങൾക്ക് 5% വാറ്റ് ഏർപ്പെടുത്തുക, ഇരുപത് ലക്ഷം രൂപയ്ക്ക് മുകളിൽ വിലവരുന്ന കാറുകൾക്ക് 2% Essential Necessity Cess ഈടാക്കുക, യൂസ്ഡ് കാറുകളുടെ വിൽപനയിന്മേൽ 5% വാറ്റ്, സിനിമാറ്റോഗ്രാഫിക് ഫിലിമുകളുടെ വിൽപനയ്ക്കും 5% നികുതി.

### രജിസ്ട്രേഷൻ വകുപ്പ്

ഭൂമിയുടെ ന്യായവില 10% മുതൽ 20% വരെ വർദ്ധിപ്പിക്കുക, ഭാഗാധാരം, സെറ്റിൽമെന്റ്, ഇഷ്ടദാനം മുതലായവയ്ക്ക് 2% സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഏർപ്പെടുത്തുക, ചിട്ടികളുടെ രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിക്കുക

### റവന്യൂ വകുപ്പ്

അനുവദിക്കപ്പെട്ടിട്ടുള്ള തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതി ഏർപ്പെടുത്തുക, തോട്ടം നികുതി പരിഷ്ക്കരിക്കുക, പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടിയെടുക്കുക, കെട്ടിട നികുതി (ഒറ്റത്തവണ), കെട്ടിടങ്ങളുടെ ആഡംബര നികുതി എന്നിവ പുതുക്കുക, റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതമാക്കുക.

### വനം വകുപ്പ്

വനഭൂമിയുടെ പാട്ടനിരക്ക് പുതുക്കുക, വനവികസന നികുതി പരിഷ്ക്കരിക്കുക, വനമേഖലയിലേയ്ക്കുള്ള പ്രവേശന നികുതി പരിഷ്കരിക്കുക, ഇൻസ്പെക്ഷൻ ബംഗ്ളാവ്, റസ്റ്റ് ഹൗസ് എന്നിവയുടെ വാടക പുതുക്കുക, വനത്തിൽ നിന്ന് ശേഖരിക്കുന്ന മണലിന്റെ സീനിയറേജ് റേറ്റ് പരിഷ്കരിക്കുക, വാണിജ്യ സിനിമ, ഡോക്യുമെന്ററി എന്നിവയുടെ ഷൂട്ടിംഗിന്റെയും ഫോട്ടോഗ്രാഫിയുടെയും നിരക്ക് ഉയർത്തുക.

സെക്ഷൻ ഓഫീസർ